പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 4607 — 29-6-2012-ൽ മറുപടിക്ക്

കെട്ടിട നിർമ്മാണ അനുമതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ:<br>ശ്രീ . വിഡി. സതീശൻ:<br>ശ്രീ.കെ. മുരളീധരൻ :<br>ശ്രീ. വർക്കല കഹാർ : | ശ്രീ. മഞ്ഞളാംകുഴി അലി<br>(മുനിസിപ്പാലിറ്റികളും കോർപ്പറേഷനുകളും ന്യൂനപക്ഷക്ഷേമവും വകുപ്പ് മന്ത്രി) |
| എ) നഗരങ്ങളിൽ കെട്ടിടനിർമ്മാണ അനുമതി വേഗത്തിലാക്കുന്നതിന് എന്തെല്ലാം സംവിധാനങ്ങളാണ് കൈകൊണ്ടിട്ടുള്ളത് ? | കോർപ്പറേഷൻ, നഗരസഭാ പ്രദേശങ്ങളിലെ കെട്ടിട നിർമ്മാണാനുമതി കാലതാമസം ഒഴിവാക്കി സമയപരിധിക്കുള്ളിൽ നിർമ്മാണ അനുമതി നൽകുന്നതിന് ആവശ്യമായ നപടികൾ സ്വീകരിക്കണമെന്ന് 27/06/10-ലെ 36587/ ആർ.എ1/2009/തസ്വഭവ. നമ്പർ സർക്കുലർ പ്രകാരം എല്ലാ കോർപ്പറേഷൻ, നഗരസഭാ പ്രദേശങ്ങളിലെ സെക്രട്ടറിമാർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. 300 ച.മീ വരെയുള്ള ഏക വാസഗൃഹങ്ങൾക്ക് (Single occupancy) അപേക്ഷിക്കുന്ന ദിവസം തന്നെ പെർമിറ്റ് നൽകുന്ന സമ്പ്രദായം നഗരസഭകളിൽ നിലവിലുണ്ട്. |

ബി അനുമതിക്കുള്ള അപേക്ഷകൾ ഓൺലൈൻവഴി ആക്കുന്ന കാര്യം പരിഗണിക്കുമോ?

സി) പ്രസ്തുത സംവിധാനം പ്രാവർത്തികമാക്കിയിട്ടുണ്ടോ; വിശദമാക്കുമോ;

ഡി) എല്ലാ നഗരങ്ങളിലും ഈ സംവിധാനം നടപ്പാക്കാൻ ശ്രമിക്കുമോ?

ബി
സി
&
ഡി

തിരുവനന്തപുരം,കൊല്ലം, കൊച്ചി, തൃശൂർ, കോഴിക്കോട് എന്നീ കോർപ്പറേഷനുകളിൽ ഓൺലൈൻ സംവിധാനം വഴി അപേക്ഷകൾ സ്വീകരിച്ചുവരുന്നുണ്ട്. തിരുവനന്തപുരം കോർപ്പറേഷനിലെ 100 വാർഡുകളിലും കമ്പ്യൂട്ടർ വൽക്കൃത ഓൺലൈൻ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. കൊല്ലം,കൊച്ചി, തൃശൂർ, കോഴിക്കോട് എന്നീ കോർപ്പറേഷനുകളിലെ ചില വാർഡുകളിൽ ഓൺലൈൻ സംവിധാനം നിലവിലുണ്ട്. സംസ്ഥാനത്ത് നിലവിലുള്ള എല്ലാ കോർപ്പറേഷനു കളിലും മുനിസിപ്പാലിറ്റികളിലും കെട്ടിട നിർമ്മാണ അനുമതിക്കായി ഓൺലൈൻ സംവിധാനം ഏർപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

സെക്ഷൻ ഓഫീസർ